

VMC. Govt. HIGHER SECONDARY SCHOOL
WANDOOR - 679328

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025- 26

### VMC GHSS WANDOOR

## മുഖവുര

സമൂഹത്തിന്റെ നിരന്തരമായ വളർച്ചയിൽ പൊതുവിദ്യാഭ്യാസത്തിന്റെ പങ്ക് തർക്കമറ്റതാണ്. അതുകൊണ്ട് തന്നെ വണ്ടൂരിന്റെ വികാസത്തിൽ നമ്മുടെ വി.എം.സി. ഗവ: ഹയർ സെക്കണ്ടറി സ്കൂളിന്റെയും.

ഓരോ പ്രദേശത്തെയും വിദ്യാലയങ്ങൾ നാടിന്റെ നട്ടെല്ലാവണം എന്ന മുദ്രാവാക്യം ഒന്നു കൂടി അരക്കിട്ടുറപ്പിക്കുന്നതിന്റെ ഭാഗമായി കേരള സർക്കാരും പൊതുവിദ്യാഭ്യാസ വകുപ്പും പലതരം പദ്ധതികൾ ആവിഷ്കരിച്ചിരിക്കുകയാണ്. അതിലൊന്നാണ് വിഷൻ 100. ഒരു വിദ്യാലയം അക്കാദമികമായി ഉയർന്ന നിലവാരം പുലർത്താനാവശ്യമായ കാര്യങ്ങൾ അതത് വിദ്യാലയത്തിലെ അക്കാദമിക് കൗൺസിലിന്റെ നേതൃത്വത്തിൽ ആസൂത്രണം ചെയ്യുക എന്നതാണ് അക്കാദമിക് മാസ്റ്റർ പ്ലാനിലൂടെ ഉദ്ദേശിക്കുന്നത്.

വിവിധ സബ്ജക്ട് കൗൺസിലുകൾ, ക്ലബ്ബുകൾ, പി.ടി.എ., എസ്.എം.സി. ഇടങ്ങി വിദ്യാലയവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിഭാഗങ്ങളുമായി കൂടിയാലോചിച്ചാണ് ഈ ആസൂത്രണ രേഖ തയ്യാറാക്കിയിരിക്കുന്നത്. എഴുപതിന്റെ നിറവിലും ബാലാരിഷ്ടത വിട്ടുമാറാതെ ഈ വിദ്യാലയത്തെ കൈപിടിച്ചുയർത്താൻ ഈ പ്രവർത്തനത്തിന് കഴിയട്ടെ എന്ന് പ്രത്യാശിക്കാം.

# സ്കൂൾ ചരിത്രം

1947 ഏപ്രിൽ മാസാവസാനം വണ്ടൂരിലുണ്ടായിരുന്ന ബോർഡ് മാപ്പിള ഹയർ എലിമെന്ററി സ്കൂളിൽ നാട്ടുകാരിൽ ചിലർ മുൻകൈയെടുത്ത് പൗരാവലിയുടെ ഒരു ആലോചന യോഗം സംഘടിപ്പിച്ചു. ഭാരതത്തിന്റെ സ്വാതന്ത്ര്യദിനം എങ്ങനെ ആഘോഷിക്കണം എന്നതായിരുന്നു. പ്രധാന ചർച്ച പൊലിമയാർന്ന സ്വപ്നങ്ങളുടെ തിളക്കവുമായി, നൂറുകൂട്ടം അവാച്യ പ്രതീക്ഷകളുമായി വരാൻ പോകുന്ന മഹാസംഭവത്തിന്റെ അനുരണനം എങ്ങനെ മഹത്തരമാക്കാമെന്ന ആലോചന, കനം വെപ്പിച്ച ശിരസ്സുകളുമായി നാട്ടുകാർ ഒത്തുകൂടുകയും സ്വാതന്ത്ര്യദിനാഘോഷകമ്മറ്റി രൂപീകരിക്കുകയും ചെയ്തു ചെലവുകൾക്കായി ഒരു തുകയും

ആഗസ്റ്റ് 15 എത്തിച്ചേർന്നു. സ്വാതന്ത്ര്യദിനാഘോഷം അന്നുവരെ വണ്ടൂർ ദർശിച്ചതിൽ വെച്ച് വളരെ വലിയ പരിപാടിയായിരുന്നു. ആവേശവും ആനന്ദവും തിരതല്ലിയ ആഘോഷം, തങ്ങൾക്ക് ലഭിക്കാൻ പോകുന്ന നല്ല നാളുകളെ കുറിച്ച് തങ്ങളിലുള്ള അഭിലാഷങ്ങളും സ്വപ്നങ്ങളും പങ്കിട്ട് അവർ പിരിയുന്നു.

ആഘോഷ കമ്മിറ്റി വരവുചെലവു കണക്കുകളവതരിപ്പിക്കാൻ ആഗസ്റ്റ് മാസം അവസാനത്തിൽ വീണ്ടും യോഗം ചേർന്നു. വരവു ചെലവു കണക്കുകളവതരിപ്പിച്ചപ്പോൾ ബാക്കി വന്നത് പതിനെട്ടുരൂപ. അന്നത്തെ മൂല്യമനുസരിച്ച് ഒരു വലിയ തുക. ഈ തുക എന്ത് ചെയ്യണം എന്നായി അടുത്ത ആലോചന. പലപല അഭിപ്രായങ്ങളുമുണ്ടായി. ചർച്ചകൾക്കൊടുവിൽ വലിയൊരു ആശയത്തിലേക്കവർ എത്തിച്ചേർന്നു. ഒരു ഹൈസ്കൂൾ തുടങ്ങുക. ആ ചിന്തക്ക് ഒരു കാരണം ഉണ്ടായിരുന്നു. വണ്ടൂരുകാർക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം ഒരു വിദൂര സ്വപ്നമായിരുന്നു. നിലമ്പൂരിലെ മാനവേദൻ ഹൈസ്കൂളായിരുന്നു ആ സമീപ വിദ്യാലയം. സ്കൂൾ നിർമ്മാണവുമായി മുന്നോട്ട് പോകാൻ അവർ ഒരു പുതിയ കമ്മിറ്റിയും രൂപീകരിച്ചു. ഈ സ്വപ്നത്തിന്റെ സാരഥി ആരായിരിക്കണമെന്ന് അവർക്ക് ശങ്കയേ ഉണ്ടായിരുന്നില്ല. ഒരൊറ്റ നാമം അത് വണ്ടൂരിന്റെ ചരിത്രത്തിലെ ഒരു കാലത്തും വിസ്മരിക്കപ്പെടാത്ത നാമമായ വെള്ളക്കാട്ട് മനയ്ക്കൽ ചെറിയ നാരായണൻ ഭട്ടതിരിപ്പാടെന്ന വി.എം.സി എന്നതു മാത്രമായിരുന്നു. കോട്ടമ്മൽ മൂസക്കുട്ടി ഹാജിയുടെ നേതൃത്വത്തിൽ ആയിരുന്നു യോഗം കൺവീനറായി വി.എം.സി ഭട്ടതിരിപ്പാടിനെ തിരഞ്ഞെടുത്തു. കെ.ടി. കുഞ്ഞാലിക്കുട്ടി താത്കാലിക സെക്രട്ടറി, കിടങ്ങഴി മനക്കൽ വാസുദേവൻ നമ്പൂതിരിപ്പാട് ജോയിന്റ് കൺവീനർ. കരുമരപ്പറ്റ മനക്കൽ നാരായണൻ നമ്പൂതിരി ട്രഷറർ,ഉൽപ്പിലാപ്പറ്റ നാരായണൻ നമ്പൂതിരി, മണ്ണാട്ട് മനക്കൽ സുബ്രഹ്മണ്യൻ നമ്പൂതിരിപ്പാട്, പാതിരുശ്ശേരി മനക്കൽ നാരായണൻ നമ്പൂതിരി, നീലാമ്പ്ര കുഞ്ഞി മുഹമ്മദ് ഹാജി, മേത്തലയിൽ ഉണ്ണി ഹസൻ ഹാജി, പൂലാട്ട് മൊയ്തീൻ ഹാജി, വി.പി. അഹമ്മദ് കുട്ടി ഹാജി, കെ.ടി. ഗോവിന്ദൻ കുട്ടി നായർ, പുലിക്കോട്ട് രാഘവൻ നായർ, മഞ്ഞപ്പാടത്ത് രാഘവൻ നായർ, കെ.ടി. ഉണ്ണി ഹൈദ്രു ഹാജി എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു. ഈ പ്രദേശത്തെ ജന്മിമാരും, സാമൂഹ്യ പ്രവർത്തകരും, മനുഷ്യ സ്നേഹികളും ഒരൊറ്റ ലക്ഷ്യത്തിന് വേണ്ടി ജാതിയോ മതമോ നോക്കാതെ ഉറച്ച മനസ്സോടെ കൈ കോർത്തു.

ഈ നാട്ടിൽ ഒരു ഹൈസ്കൂൾ ഉണ്ടാവേണ്ടതിന്റെ അനിവാര്യത അധികൃതരെ ബോധ്യപ്പെടുത്തുന്ന ത്ത കഠിനാധ്വാനങ്ങൾ ചെയ്തത് ശ്രീ.കെ.വി. മൊയ്തു മാസ്റ്ററായിരുന്നു. മലപ്പുറത്തെ പ്രമുഖ ചേർന്ന് ജനപ്രതിനിധികൾ, വിദ്യാഭ്യാസ ഓഫീസർമാർ ഉദ്യോഗസ്ഥരെ നേരിൽക്കണ്ട് നിവേദനങ്ങൾ സമർപ്പിച്ചു. ആവശ്യങ്ങൾ അനുവദിച്ച് കിട്ടാൻ വേണ്ടി കെ.വി കണ്ണോത്തിലെത്തി മാസ്റ്റർ നിരന്തരം യാത്രചെയ്യുകയും പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഒടുവിൽ 1941 ജൂൺ 23 ന് സ്കൂളിന് പ്രവർത്തിക്കാൻ അനുമതി ലഭിച്ചു കൊണ്ടുള്ള ഉത്തരവ് വി.എം.സി. മുതിരിപ്പാടിന് കൈയിൽ ലഭിച്ചു 1941 ജൂൺ 24 ന് തന്നെ സ്കൂൾ ഇന്ന് പ്രവർത്തനം ആരംഭിച്ചു. ആദ്യത്തെ പ്രധാന അധ്യാപകനായി ശ്രീ തൊട്ടത്തിൽ കുഞ്ഞിരാമൻ മാസ്റ്റർ നിയമിതനായി. കിടങ്ങി മനക്കൽ വാസുദേവൻ നമ്പൂതിരിപ്പാട് സൗജന്യമായി നൽകിയ വണ്ടൂർ ടൗണിലെ ഒരു കെട്ടിടത്തിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന കെട്ടിടത്തിലാണ് സ്കൂൾ തുടക്കത്തിൽ പ്രവർത്തനമാരംഭിച്ചത്. (വണ്ടൂർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളും പിന്നീട് വണ്ടൂർ പഞ്ചായത്ത് ആഫീസും പ്രവർത്തിച്ച സ്ഥലം) കെട്ടിടം മതിയാകാത്തതിനാൽ നാട്ടുകാർ ഒരു താല്ക്കാലിക മായി നിർമ്മിക്കുകയുണ്ടായി.

അന്നു ക്ലാസുകൾ ഫോറം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഫസ്റ്റ് ഫോറം, സെക്കന്റ് ഫോറം, തേഡ് ഫോറം (6,7,8 ക്ലാസുകൾ) എന്നിങ്ങനെയുള്ള ഫോറങ്ങളിലാണ് ആദ്യം പ്രവേശനം ആരംഭിച്ചത്. ഒന്നാമതായി പ്രവേശനം നേടിയത് ഒരു വിദ്യാർത്ഥിനിയായിരുന്നു. കെ.എൻ.മാനസി. കാപ്പിൽ കോവിലകത്ത് നിന്നുള്ള അവർ നിലമ്പൂർ മാനവേദൻ സ്കൂളിൽ നിന്ന് ടി.സി. വാങ്ങിയാണ് പുതിയ വിദ്യാലയത്തിൽ തേഡ് ഫോറത്തിൽ ചേർന്നത്. തുടക്കത്തിൽ തന്നെ ഫസ്റ്റ് ഫോറത്തിൽ 20 പേരും, സെക്കന്റ് ഫോറത്തിൽ 37 പേരും തേഡ് ഫോറത്തിൽ പേരും (പ്രവേശനം നേടി എന്നത് ഈ സ്ഥാപനം നാട്ടിൽ നേടിയ വമ്പിച്ച സ്വീകാര്യതയുടെ തെളിവായിക്കാണാം.

1948 ഡിസംബർ 20 ന് സ്കൂളിന്റെ മാനേജ്മെന്റ് വണ്ടൂർ എഡ്യുക്കേഷൻ സൊസൈറ്റിക്ക് കൈമാറി. സൊസൈറ്റിയുടെ സെക്രട്ടറി വി.എം.സി തന്നെയായിരുന്നു. ബ്രിട്ടീഷ് ഗവൺമെന്റ് 'വണ്ടർ രാജ്' എന്ന പദവി നൽകി ആദരിച്ചിരുന്ന ശ്രീ.നടുവത്ത് മനക്കൽ കമ്പൻ നമ്പൂതിരിപ്പാടായിരുന്നു സൊസൈറ്റിയുടെ പ്രസിഡണ്ട്.

സൊസൈറ്റിയുടെ കീഴിൽ സ്കൂൾ അനുദിനം വികസിച്ച് കൊണ്ടിരുന്നു. വരവും ചെലവും ഒത്തുപോകാത്ത അവസ്ഥ, 1950 ൽ ഫോർത്ത് ഫോറം കൂടി ആരംഭിക്കാനുള്ള അനുമതിയും ലഭിച്ചു. സാമ്പത്തിക പ്രശ്നം രൂക്ഷമായി തുടങ്ങിയപ്പോൾ പ്രശ്ന പരിഹാരത്തിന് ചർച്ചകൾ നടത്താൻ വി.എം.സി തന്നെ മുൻകൈ എടുത്തു മലബാർ ഡിസ്ട്രിക്ട് ബോർഡിനെ കൊണ്ട് സ്കൂൾ ഏറ്റെടുപ്പിക്കാനുള്ള ചർച്ചകൾ ആരംഭിച്ചു. കളിസ്ഥലത്തിനുൾപ്പെടെ 10 ഏക്കർ ഭൂമിയും 10000 രൂപയും നൽകാമെങ്കിൽ സ്കൂൾ ഏറ്റെടുക്കാമെന്ന് ബോർഡിന്റെ അറിയിപ്പ് വന്നു. സേവന സന്നദ്ധരായ വി.എം.സിയും സംഘവും ഈ വെല്ലുവിളിയും ഏറ്റെടുത്തു. കമ്മിറ്റി അംഗവും സ്കൂളിലെ ഹിന്ദി അധ്യാപകനുമായ ശ്രീ. കെ.എം. വാസുദേവൻ നമ്പൂതിരിപ്പാട് സൗജന്യമായി പത്തേക്കർ സ്ഥലം നൽകാൻ സമ്മതിച്ചു. സ്കൂളിന്റെ ആലോചനായോഗം മുതൽ അദമ്യമായ അഭിനിവേശത്തോടെ പ്രവർത്തിച്ച വ്യക്തിയായിരുന്നു നമ്പൂതിരിമാഷ്.

സ്ഥലം അംഗീകരിക്കപ്പെട്ടു. നാല്പതിനായിരം രൂപ എന്ന വലിയ സംഖ്യ കണ്ടെത്താനുള്ള അദ്ധ്വാന പരിശ്രമമായിരുന്നു പിന്നീട്, നാട്ടുകാരുടെ കൈയ്യയച്ചുള്ള സഹായം, സമൂഹത്തിലെ ഉന്നതരുടെ ഇടപെടൽ, സാമൂഹ്യ പ്രവർത്തകരുടെ കഠിനാധ്വാനം, കോഴിക്കോട് സാമൂതിരി ഹൈസ്കൂൾ വിദ്യാലയ മുറ്റത്ത് വെച്ച് നടന്ന ലളിത - പണ്ഡിത മത്സരങ്ങളിലൂടെ തുക പിരിച്ചെടുത്തു ഇങ്ങനെ ചെറുതും വലുതുമായ സാമ്പത്തിക സമാഹരണങ്ങളിലൂടെ സംഘടിപ്പിച്ച് 32000 രൂപ വിദ്യാഭ്യാസ കമ്മറ്റി മുഖാന്തരമാണ് എത്തിച്ചു. ബാക്കി 8000 രൂപ ബോർഡ് ഷെയറായി നൽകി. കമ്മറ്റിയുടെ ആത്മാർത്ഥതക്കുള്ള അംഗീകാരമായാണ് ബോർഡ് ഈ അനുമതി നൽകിയത്. ഇതോടെ വണ്ടൂർ വി.എം.സി. ഹൈസ്കൂൾ 1-9-1950 മുതൽ വണ്ടൂർ വി.എം.സി ബോർഡ് ഹൈസ്കൂളായി മാറി.

ഇവിടെ ഈ വിദ്യാലയത്തിന്റെ ചരിത്രത്തിലെ രോമാഞ്ചജനകമായ ഘട്ടം അവസാനിക്കുകയായിരുന്നു. ഒരു ജനത വിദ്യയുടെയും വിജ്ഞാനത്തിന്റെയും ഉയർത്തെഴുന്നേൽപ്പിന് വേണ്ടി നടത്തിയ ശ്രമങ്ങൾ. ഒരു പക്ഷെ നാട്ടിലെ വേറൊരു വിദ്യാലയത്തിനും ഇത്തരമൊരു കഥ പറയാനുണ്ടായിരിക്കില്ല. ശൂന്യതയിൽ നിന്ന് മാന്ത്രികൻ വിരിയിപ്പിക്കുന്ന പൂക്കളെപോലെ ഒരു ജനതയുടെ വിജ്ഞാന ദാഹത്തിന്റെ അപൂർവ്വ ശക്തിയിൽ നിന്ന് വിരിയിപ്പിച്ചെടുത്ത അപൂർവ്വ പുഷ്പം ഇന്നും സുഗന്ധം പൊഴിക്കുന്നുണ്ടല്ലോ.

മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ സ്കൂൾ പ്രവർത്തനം കാര്യക്ഷമമായി നടന്നു. നിരവധി പരിഷ്കാരങ്ങൾ നടപ്പിലായി. 25-5-1953-ൽ ബോർഡ് നിർമ്മിച്ച നാലുകെട്ടിലേക്ക് സ്കൂൾ പ്രവർത്തനം ആരംഭിച്ചു. സ്കൂളിന്റെ പാരമ്പര്യവും പ്രൗഢിയും വിളിച്ചോതിക്കൊണ്ട് നാലുകെട്ട് ഇന്നും തിളങ്ങി നിൽക്കുന്നു - കാലത്തിന്റെ കൈകുറ്റപ്പാടുകൾ ഏറ്റുവാങ്ങിക്കൊണ്ടാണെങ്കിലും.

1956 നവംബർ ഒന്നാം തിയതി ഐക്യകേരളം പിറന്നു. നാടെങ്ങും ആഹ്ലാദാഘോഷം. 1957 ൽ ആദ്യത്തെ ജനകീയ മന്ത്രിസഭ അധികാരത്തിൽ വന്നതോടെ മലബാർ ഡിസ്ട്രിക്ട് ബോർഡ് പിരിച്ചു വിട്ടു. ബോർഡിന്റെ കീഴിലുണ്ടായിരുന്ന എല്ലാ സ്കൂളുകളും സർക്കാർ ഏറ്റെടുത്തു. നമ്മുടെ വിദ്യാലയവും ഗവൺമെന്റ് ഏറ്റെടുത്തതോടെ വി.എം.സി ബോർഡ് ഹൈസ്കൂൾ, ഗവൺമെന്റ് വി.എം.സി ഹൈസ്കൂളായി മാറി.

തുടർന്ന് പൊതുവിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകിയ ജനകീയ സർക്കാരുകൾ വിദ്യാലയത്തിൽ നിരവധി കെട്ടിടങ്ങൾ നിർമ്മിച്ച് നൽകി. 1963 ൽ ശ്രീ. കെ.എം. വാസുദേവൻ നമ്പൂതിരിയിൽ നിന്ന് മൂന്ന് ഏക്കർ സ്ഥലം ഗവൺമെന്റ് വിലകൊടുത്ത് വാങ്ങി, കളിസ്ഥലം നിർമ്മിച്ചു. 1971-ൽ ചുറ്റമതിൽ കെട്ടാൻ ഉത്തരവായെങ്കിലും ബംഗ്ലാദേശ് യുദ്ധത്തെ തുടർന്നുണ്ടായ പെരുവൃത്തക്കലിൽപ്പെട്ട് ആ ഉത്തരവ് നടപ്പാക്കാനാവാതെ പോയി. ആ സ്വപ്നം ഇന്നും സഫലമാകാതെ കിടക്കുന്നു.

വിദ്യാഭ്യാസം സാർവത്രികമാക്കുക എന്ന ലക്ഷ്യത്തോടെ ജനകീയ സർക്കാരുകളുടെ പ്രവർത്തനം മൂലം നമ്മുടെ നാട്ടും വിദ്യാലയങ്ങളിലേക്ക് ഒഴുകി എത്തി. നിറഞ്ഞു കവിഞ്ഞ ക്ലാസ് മുറികൾ നിരവധി പ്രശ്നങ്ങൾ ഉണ്ടാക്കി വീണ്ടും ജനകീയ ഇടപെടൽ. വണ്ടൂർ വെൽഫയർ കമ്മറ്റിയുടെയും നാട്ടുകാരുടെയും നേരിട്ടുള്ള ശ്രമങ്ങളും അപേക്ഷകളും പരിഗണിച്ച് 1980 ആഗസ്റ്റ് 7 ന് സ്കൂൾ വിഭജിച്ച് പെൺകുട്ടികൾക്കായി പുതിയ വിദ്യാലയം അനുവദിച്ച് ഉത്തരവായി. വിദ്യാലയം ഗവൺമെന്റ് വി.എം.സി. ബോയ്സ് ഹൈസ്കൂൾ

എന്ന പേരിലേക്ക് മാറി. 1990 ൽ മലപ്പുറം ജില്ലക്ക് അനുവദിച്ച രണ്ട് ഹയർ സെക്കന്ററി സ്കൂളിൽ ഒന്ന് വണ്ടൂരിനാണ് നൽകിയത്. 1991 മുതൽ വിദ്യാലയത്തിൽ പ്ലസ് ടു ക്ലാസ്സുകൾ ആരംഭിക്കുകയും പേര് വീണ്ടും ഗവൺമെന്റ് വി.എം.സി ഹയർസെക്കന്ററി സ്കൂൾ എന്നാക്കി മാറ്റുകയും ചെയ്തു.

1998 ൽ വിദ്യാലയത്തിന്റെ അമ്പതാം പിറന്നാൾ, ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികളോടെ ആഘോഷിച്ചു. 24-6-98 ന് സ്കൂളിലെ പൂർവ്വവിദ്യാർത്ഥിയും അന്നത്തെ കേരളത്തിലെ ചീഫ് വിപ്പുമായിരുന്ന ശ്രീ. ടി.കെ.ഹംസ പരിപാടികളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ശ്രീ. പി.പി.റഹ്മത്തുള്ളയുടെ നേതൃത്വത്തിൽ സുവർണ്ണ ജൂബിലി സ്മാരക ഗ്രന്ഥം ഗവൺമെന്റ് വി.എം.സി ഹയർസെക്കന്ററി സ്കൂളിന്റെ ചരിത്രം എന്നപേരിൽ പുറത്തിറക്കി. സ്കൂളിന് നൽകിയ ഏറ്റവും വിലപിടിച്ച ഗുരുദക്ഷിണയാണ് ആ ഗ്രന്ഥം.

ബോയ്സ് ഹൈസ്കൂൾ ആയിട്ട് പതിനെട്ട് വർഷം പൂർത്തിയായി. കണക്കുകൾ പരിശോധിച്ചാൽ ആ തീരുമാനം ഈ വിദ്യാലയ ത്തിന് നഷ്ടമേ വരുത്തി വെച്ചുള്ളൂ എന്ന് നാട്ടുകാരും അന്നത്തെ പി.ടി.എ യും തിരിച്ചറിഞ്ഞു. അവിടെ പുതിയൊരു മാറ്റത്തിന് നാന്ദി കുറിക്കപ്പെട്ടു. 1999 ജൂണിൽ വീണ്ടും പെൺകുട്ടികളെ പ്രവേശിപ്പിച്ച് വിദ്യാലയത്തെ ജനറൽ സ്കൂൾ ആക്കി മാറ്റി പിൽകാലത്ത് സ്കൂളിന്റെ വളർച്ചയെ ത്വരിതപ്പെടുത്താൻ ആ തീരുമാനത്തിന് കഴിഞ്ഞു.

2003 ൽ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയും അധ്യാപകനുമായിരുന്ന ശ്രീ. ഇ.മുഹമ്മദ് ഷാഫിയുടെ നേതൃത്വത്തിൽ വി.എം.സി. അലുംനി അസോസിയേഷൻ രൂപീകരിച്ച പൂർവ്വ വിദ്യാർത്ഥികളുടെ വിവരങ്ങൾ ശേഖരിച്ച് അലുംനി അസോസിയേഷൻ ഡയറക്ടറി പ്രസിദ്ധീകരിച്ചു. ജോൺസൺസ് വി.എം.സി അലുംനി അസോസിയേഷൻ ഹാൾ സ്കൂളിന് നിർമ്മിച്ച് നൽകാൻ ഈ സംരംഭത്തിന് കഴിഞ്ഞു.

പുതിയ നൂറ്റാണ്ടിന്റെ ആരംഭം മുതൽ വി.എം.സി.ഹയർ സെക്കന്ററി സ്കൂൾ അതിന്റെ പഴയ പ്രതാപം വീണ്ടെടുക്കാനുള്ള ശ്രമങ്ങൾ തുടങ്ങിയിരുന്നു. ജനപ്രതിനിധികൾ, വിദ്യാഭ്യാസവകുപ്പ്, പി.ടി.എ കമ്മിറ്റികൾ, അധ്യാപകർ തുടങ്ങി ബഹുജന സംഘടനകൾ വരെ മുന്നേറ്റത്തിന് അരങ്ങൊരുക്കി. പുതിയ കെട്ടിടങ്ങൾ ഉണ്ടായി വിദ്യാഭ്യാസ നിലവാരം ഉയർന്നു തുടങ്ങി നിരവധി പെൺകുട്ടികൾ വിവിധ ക്ലാസുകളിൽ പ്രവേശനം നേടി സഹവിദ്യാഭ്യാസത്തിന്റെ മനശാസ്ത്രപരമായ ഔന്നത്യം, സ്വയം നിർമ്മിതമായ അച്ചടക്കം സ്കൂളിൽ പ്രകാശം പരത്തി. ഹയർ സെക്കന്ററിയിൽ പുതിയ ബാച്ചുകൾ, ഭൗതിക സൗകര്യങ്ങൾ എല്ലാം ഘട്ടംഘട്ടമായി എത്തിത്തുടങ്ങി.

ഇംഗ്ലീഷ് മീഡിയത്തിലുള്ള വിദ്യാഭ്യാസം 2013-14 അധ്യയന വർഷത്തിൽ അഞ്ച്, എട്ട് ക്ലാസ്സുകളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ തുടങ്ങി. നിരവധി കായികതാരങ്ങളെ വാർത്തെടുത്ത സ്കൂൾ മൈതാനത്ത് വിജയത്തിന്റെ ആരവമുയർന്നു. സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന കളിക്കാരും കായിക താരങ്ങളുമുണ്ടായി. 1957-58 ബാച്ചിലെ വിദ്യാർത്ഥികൾ നിർമ്മിച്ച് നൽകിയ സ്ഥിരം സ്റ്റേജിൽ നിന്നും വളർന്ന് കലാകാരന്മാരും കലാകാരികളും സംസ്ഥാനതലത്തിൽ വരെ വിജയികളായി. എൻ.സി.സി.

ജെ.ആർ.സി, എസ്.പി.സി, എൻ.എസ്.എസ് തുടങ്ങിയ സേനാവിഭാഗങ്ങൾ ഒരു ഉൾക്കൊള്ളുന്ന ആശയത്തിന്റെ ഏറ്റവും മികച്ച പതാകവാഹകരായി വിദ്യാലയത്തിന്റെ യശസ്സ് വാനോളം ഉയർത്തി.

ഈ കാലയളവിൽ എത്തിയവർ ഒട്ടനവധി കലാപ്രതിഭകളുണ്ട്. പരിമിതസാധ്യതകൾക്കപ്പുറം നിൽക്കുന്നവരാണ് അധികവും. അവരുടെ വിജയവും ചരിത്രവും കുറിക്കപ്പെടാതെ ചരിത്രം എന്ന [illegible] ഓർക്കുന്നത് തന്നെ അവരെ ആദരിക്കുന്നതിന് തുല്യം. കാരണം, അവരുടെ മനോവീര്യവും ത്യാഗബുദ്ധിയും വി.എം.സി സ്കൂളിന്റെ ഓരോ കല്ലിലും അവരെ ബന്ധിപ്പിക്കുന്ന പാതയായി [illegible].

ചരിത്രം അവസാനിക്കുന്നില്ല. ഓരോ ദിവസവും നാളത്തെ ചരിത്രമായി മാറുന്ന അപൂർവതയിൽ വളരുന്ന ഒരു സ്ഥാപന ത്തിന്റെ ചരിത്രമെഴുത്ത് പൂർത്തിയാകുന്നില്ല. ഇതൊരു സഞ്ചാര മാണ്. നിരവധി പേരുടെ ഓർമ്മകളിലൂടെ, അവരുടെ ഓർമ്മ കളെ പ്രകമ്പനം കൊള്ളിച്ച് ശ്രീ.പി.പി.റഹ്മത്തുള്ള തയ്യാറാക്കിയ വി.എം.സി സ്കൂളിന്റെ ചരിത്രം എന്ന ഗ്രന്ഥത്തിലൂടെയുള്ള സുഖകരമായ സഞ്ചാരം കൂടിയാണ് ഈ ലേഖനത്തിനാധാരമെന്നുകൂടി സാഭിമാനം ഓർമ്മപ്പെടുത്തുന്നു.

# പൊതുവിവരങ്ങൾ

| | | |
|---|---|---|
| സ്ഥാപിത വർഷം | : | 1948 |
| കുട്ടികളുടെ എണ്ണം | : | 2203 |
| ആൺ | : | 1545 |
| പെൺ | : | 658 |
| ആകെ | : | 2203 |
| പട്ടികജാതി | : | 442 |
| പട്ടിക വർഗ്ഗം | : | 2 |
| മുസ്ലീം | : | 1189 |
| മറ്റ് ന്യൂനപക്ഷ സമുദായം | : | 9 |
| ഒ.ബി.സി. | : | 438 |
| പിന്നോക്ക വിഭാഗക്കാരായ കുട്ടികളുടെ എണ്ണം | : | 893 |
| ഐ.ഇ.ഡി. കുട്ടികളുടെ എണ്ണം | : | 24 |
| അധ്യാപകരുടെ എണ്ണം | : | 65 |
| അധ്യാപകേതര ജീവനക്കാർ | : | 8 |

## ഭൗതികം

ലക്ഷ്യം

മികച്ച പഠനാന്തരീക്ഷങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് നിലവിലുള്ള സാഹചര്യം നിരീക്ഷണവിധേയമാക്കി [illegible] [illegible] ചെയ്യുന്നതോടൊപ്പം പുതിയവ കണ്ടെത്തുക.

പ്രവർത്തനം

1. ക്ലാസ് മുറി

ആവശ്യത്തിന് ലൈറ്റ്, ഫാൻ

ക്ലാസ് ലൈബ്രറി, ലാബ്

എല്ലാ ക്ലാസ് മുറികളും സ്മാർട്ട് റൂമുകളാക്കുക

ചുമർ പഠന ചിത്രങ്ങൾകൊണ്ട് ആകർഷകമാക്കുക

ക്ലാസ് വാർത്താ ബോർഡ്

2. ചുറ്റുമതിൽ

വിശാലമായ സ്കൂൾ വളപ്പും കെട്ടിടങ്ങളും സംരക്ഷിക്കുന്നതിനും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ചുറ്റുമതിൽ അനിവാര്യമാണ്.

3. അസംബ്ലി സൗകര്യം

ആവശ്യമായ സ്ഥല സൗകര്യം ഒരുക്കുക

അസംബ്ലി ഹാൾ നിർമ്മിക്കുക

4. പുതിയ കെട്ടിടങ്ങൾ

1. ക്ലാസ് മുറികൾ

നിലവിലുള്ള ക്ലാസ്സ്റൂമുകളിലുൾക്കൊള്ളുന്നതിനേക്കാൾ കൂടുതൽ കുട്ടികൾ നമ്മുടെ വിദ്യാലയത്തിൽ അറിവുതേടുന്നു. മികച്ച അക്കാദമിക പ്രവർത്തനങ്ങൾക്കായി ആവശ്യമുള്ള ക്ലാസ്സ് മുറികളുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി ഇനിയും കെട്ടിടങ്ങൾ ആവശ്യമാണ്.

2. കിച്ചൺ & മെസ്സ് ഹാൾ

മുഴുവൻ വിദ്യാർത്ഥികൾക്കും വേണ്ടിയുള്ള ഭക്ഷണം പാകം ചെയ്യുന്നതിനും അവർക്ക് ഇരുന്നു കഴിക്കുന്നതിനും ആവശ്യമായ ആധുനിക സൗകര്യങ്ങൾ അടങ്ങിയ ഭക്ഷണപ്പുര

3. ലാബ് & ലൈബ്രറി ബ്ലോക്ക്

എല്ലാ വിഷയങ്ങൾക്കും ആവശ്യമായ ലാബുകളും വിശാലമായ ലൈബ്രറിയും അടങ്ങിയ പ്രത്യേക വിംഗ്.

4. ടോയ്‌ലറ്റ് & യൂറിനൽസ്

സ്കൂളിൽ മുഴുവൻ വിദ്യാർത്ഥികൾക്ക് പര്യാപ്തമായ എണ്ണത്തിലുള്ള മൂത്രപ്പുരകളും ടോയ്‌ലറ്റ് സൗകര്യവും.

കൃത്യമായ ആസൂത്രണം
പ്രവർത്തനത്തിന്റെ ഭാരം പകുതി കുറയ്ക്കും
എന്നതാണ് പ്രമാണം.
ആസൂത്രണം തയ്യാറാക്കി കഴിഞ്ഞു.
ഇനി പ്രവർത്തനത്തിന്റെ നാളുകൾ.
ഇച്ഛാശക്തിയുടെയും സമർപ്പണത്തിന്റെയും
ഒരു പുത്തനധ്യായം കുറിക്കാനാവട്ടെ
ഈ പ്രവർത്തനം.

# ഹൈസ്കൂൾ വിഭാഗം

യു.പി, ഹൈസ്കൂൾ വിഭാഗത്തിന്റെ വിഷയാടിസ്ഥാനത്തിലുള്ള അക്കാദമിക പ്രവർത്തനങ്ങളും അവയുടെ ഉദ്ദേശ്യങ്ങളും പ്രവർത്തനപരിപാടികളും, ഭൗതികമായ ആവശ്യങ്ങളും ഇനം തിരിച്ച് വിശദീകരിക്കുന്നു.

## ഭാഷ

**ലക്ഷ്യം**

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, അറബി, ഉറുദു, സംസ്കൃതം എന്നീ ഭാഷകളിൽ മുഴുവൻ കുട്ടികൾക്കും അനായാസം എഴുതാനും വായിക്കാനും ആശയം പ്രകടിപ്പിക്കാനുമുള്ള ഉയർന്ന ശേഷി കൈവരിക്കുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

**പ്രവർത്തനങ്ങൾ**

1. വിപുലമായ ലൈബ്രറിയും വായനാമുറിയും

   കമ്പ്യൂട്ടറൈസ്ഡ് ലൈബ്രറി
   ഇ-ലേണിംഗ് സൗകര്യം
   എല്ലാ ഭാഷയിലേയും വൈവിധ്യമാർന്ന കൃതികൾ,
   ആനുകാലിക പ്രസിദ്ധീകരണങ്ങൾ, പത്രങ്ങൾ
   പുസ്തകങ്ങൾ കൃത്യമായി ക്രമീകരിക്കാനുള്ള സൗകര്യം
   പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും സൗകര്യമായി വിനിയോഗിക്കാൻ
   ആവശ്യമായ വായനാമുറി സൗകര്യം
   സി.ഡി ലൈബ്രറി

2. വായനാ സദസ്സ്

   വ്യത്യസ്ത വിഭാഗത്തിലുള്ള പുസ്തകങ്ങൾ പരിചയപ്പെടലും ചർച്ചയും • സാഹിത്യകാരന്മാരുമായുള്ള
   അഭിമുഖം
   സംവാദം, സെമിനാർ
   കാവ്യസദസ്സ്
   ക്ലാസ് ലൈബ്രറി സൗകര്യം . സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്
   ഇംഗ്ലീഷ് ഭാഷ അനായാസം വിനിയോഗിക്കാൻ പ്രാപ്തരാക്കുന്നതിനായുള്ള പ്രത്യേക കോച്ചിംഗ്

ലാംഗ്വേജ് ലാബ്

ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ പ്രായോഗികമായി പരിചയപ്പെടാനും ഭാഷയുടെ അനന്തസാധ്യതകൾ തിരിച്ചറിയാനും ഉതകുന്ന രീതി യിലുള്ള വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായ ലാബാണ് ലാംഗ്വേജ് ലാബ്.

സാഹിത്യത്തിന്റെ അത്ഭുത ലോകത്തേക്ക് കുട്ടികളെ എത്തിക്കാൻ സാധിക്കുന്ന തരത്തിൽ ശിൽപ്പങ്ങൾ, പ്രതിമകൾ, ലിപികൾ, ആപ്തവാക്യങ്ങൾ, സന്ദേശങ്ങൾ,നാടൻ കലാരൂപങ്ങൾ ഇടങ്ങിയവ ക്രമീകരിച്ച് കൊണ്ടുള്ള പാർക്ക്

ലാംഗ്വേജ് മ്യൂസിയം

ഭാഷക്കും സാഹിത്യത്തിനും സംഭാവനകൾ നൽകിയ ഭാഷാ ചരിത്രകാരന്മാരുടെ കാലപ്പഴക്കം ചെന്ന ഗ്രന്ഥങ്ങൾ, ലിഖിത രേഖകൾ, വീട്ടുവസ്തുക്കൾ മുതലായവ അടങ്ങിയ മ്യൂസിയം

സെമിനാർ

വിവിധ വിഷയങ്ങളിൽ വിദഗ്ധർ നയിക്കുന്ന സെമിനാർ, പാനൽ ചർച്ച ഇടങ്ങിയവ

മാസിക

വ്യത്യസ്ത ഭാഷകളിലുള്ള മാസിക, പത്രം ഇടങ്ങിയവ പ്രസിദ്ധീകരിക്കൽ.

പ്രതീക്ഷിത ചെലവ്

ക്ലാസ് ലൈബ്രറി

ശിൽപ്പശാലകൾ

ഫിലിം ഫെസ്റ്റിവൽ

ലാംഗ്വേജ് ഫെസ്റ്റ്

മാഗസിനുകൾ

ആകെ

[illegible] മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| [illegible] കുട്ടികൾക്കും മലയാളം [illegible] [illegible] എഴുതാനും [illegible] ശേഷി [illegible] | അക്ഷരം ഉറപ്പിക്കൽ ചിഹ്നങ്ങൾ ഉറപ്പിക്കൽ പദനിർമാണം വാക്യനിർമാണം ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്സ് (ശ്രദ്ധ,നവപ്രഭ) CWSN:ഭാഷാശേഷികളിൽ പങ്കാളികളാക്കൽ | 6 ദിവസം<br>1 വർഷം | ഭാഷാ അധ്യാപകർ<br>മലയാളം അധ്യാപകർ | |
| [illegible] കുട്ടികളെയും സ്വതന്ത്ര [illegible]ക്കാരാക്കുക | ക്ലാസ് ലൈബ്രറി ക്ലാസ് നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ ഒരുക്കൽ, ലൈബ്രറി പുസ്തകങ്ങളുടെ ശേഖരണം പത്രവായന പ്രധാന പത്രവാർത്തകളുടെ അവതരണം ക്ലാസ് തല [illegible] പത്രങ്ങൾ ഒരുക്കൽ Cwsn: വർണ്ണ ചിത്രങ്ങളിലുള്ള പുസ്തകങ്ങൾ നൽകുക | 1 വർഷം<br>എല്ലാദിവസവും<br>ഒരു വർഷം | അധ്യാപകർ | |
| [illegible]ശേഷി വികസനം | സാഹിത്യ പ്രശ്നോത്തരി കവിതാലാപന മത്സരം കഥ കവിത രചന മത്സരം വായനക്കുറിപ്പ് തയ്യാറാക്കൽ സ്കൂൾ റേഡിയോ ക്ലാസ് തലപത്രം CWSN: റേഡിയോ പരിപാടികളിൽ പങ്കാളികളാക്കൽ | വർഷത്തിലൊരിക്കൽ<br>ആഴ്ചയിൽ ഒരു ദിവസം | വിദ്യാരംഗം | PTA |
| [illegible]രണ ശുദ്ധിയോടെ ഭാഷ [illegible]യോഗിക്കാനുള്ള ശേഷി [illegible] | പാഠഭാഗവുമായി ബന്ധപ്പെട്ട വ്യാകരണങ്ങൾക്ക് ഊന്നൽ നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ | 6 മാസത്തിലൊരിക്കൽ | വിദ്യാരംഗം മലയാള അധ്യാപകർ | PTA മലയാളം വിഭാഗം |
| [illegible]ിധശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെയുള്ള പ്രധാന ദിനാചരണങ്ങൾ പ്രവർത്തനങ്ങൾ ആയി സംഘടിപ്പിക്കൽ.<br>ജൂൺ 19-വായനദിനം<br>ജൂലൈ 5-ബഷീർ ചരമദിനം<br>ഓഗസ്റ്റ് 15-സ്വാതന്ത്ര്യ ദിനം<br>സെപ്റ്റംബർ-ഓണാഘോഷം<br>ഒക്ടോബർ 10-ചങ്ങമ്പുഴ അനുസ്മരണം<br>ഒക്ടോബർ 27-വയലാർ ചരമദിനം<br>നവംബർ 1-കേരളപ്പിറവി<br>ജനുവരി 16-ആശാൻ ദിനം<br>ഫെബ്രുവരി 21-മാതൃഭാഷാ ദിനം | അധ്യാപകർ<br>ജൂൺ മുതൽ മാർച്ച് വരെ | എസ് ആർ ജി വിദ്യാരംഗം | |

മേഖല : അക്കാദമികം
വിഷയം : അറബിക്

പ്രശ്നം: വായനക്കും എഴുത്തിനും പ്രശ്നം നേരിടുന്നു
ലക്ഷ്യം : എല്ലാ കുട്ടികളെയും മികവുള്ളവരാക്കുക.

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒന്നിച്ച് പഠിക്കാം ഒന്നിച്ച് വളരാം. هيا نتعلم معًا ونتمو معًا | അവസ്ഥാ പഠനം | ജൂൺ-19-25 | ടീച്ചേർസ് | |
| | വിശകലനം | ജൂൺ 27 - 30 | ടീച്ചേർസ് | |
| | പഠന സാമഗ്രികൾ ശേഖരിക്കൽ | ജൂലൈ 1-15 | PTA / ടീച്ചേർസ് / കുട്ടികൾ | |
| | തുടർ വായന | ജൂലൈ - ജനുവരി | ടീച്ചേഴ്സ് / കുട്ടികൾ | |
| | വായന ഫെസ്റ്റ് | മർച്ച് | ടീച്ചേഴ്സ് / കുട്ടികൾ | |

പ്രശനം: വിവിധ കലാപ്രകടനങ്ങളിലെ പങ്കാളിത്വ കുറവ്
ലക്ഷ്യം : എല്ലാ കുട്ടികളുടെയും കഴിവ് പ്രകടമാക്കൽ

| പ്രവർത്തനം | ഉപ പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ദിനാചരണത്തിന്റെ ഭാഗമായി മത്സരത്തിൽ സംഘടിപ്പിക്കുക هيا نفرح معا وهيا نفوز | പോസ്റ്റർ നിർമ്മാണ മത്സരം | ജൂൺ 5 - പരസ്ഥിതി ദിനം | അദ്ധ്യാപകർ കുട്ടികൾ | |
| | അറബിക് വായനാമത്സരം | ജൂൺ 19 വായനാദിനം | അദ്ധ്യാപകർ കുട്ടികൾ | |
| | പതിപ്പ് തയ്യാറാക്കൽ | ജൂലൈ 21 ചാന്ദ്രദിനം | അദ്ധ്യാപകർ കുട്ടികൾ | |
| | ദേശഭക്തി ഗാന മത്സരം ( അറബിക്ക് ) | ആഗസ്റ്റ് 15 സ്വാതന്ത്ര ദിനം | അദ്ധ്യാപകർ കുട്ടികൾ | |
| | ഗ്രീറ്റിംഗ് കാർഡ് നിർമ്മാണ മത്സരം (up) കവിതാ രചന മത്സരം HS | സെപ്റ്റംബർ - 5 അധ്യാപക ദിനം | അദ്ധ്യാപകർ കുട്ടികൾ | |

| പ്രവർത്തനം | ഉപ പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ദിനാചരണത്തിന്റെ ഭാഗമായി മത്സരത്തിൽ സംഘടിപ്പിക്കുക | Profile നിർമ്മാണ മത്സരം | ഒക്ടോബർ 2- ഗാന്ധി ജയന്തി | കുട്ടികൾ അധ്യാപകർ | |
| | സെമിനാർ പ്രസംഗ മത്സരം | നവമ്പർ - 1 കേരളാ പിറവി | കുട്ടികൾ അധ്യാപകർ | |
| | മാഗസിൻ | ഡിസംബർ 18 അറബിക് ദിനം | കുട്ടികൾ അധ്യാപകർ | |
| | തർജമ ( അറബിക് ) | ജനുവരി - 26 റിപ്പബ്ലിക് ദിനം | കുട്ടികൾ അധ്യാപകർ | |
| | മലയാള - അറബി നിഘണ്ടു നിർമ്മാണം | ഫെബ്രുവരി-21 മാതൃഭാഷ ദിനം | കുട്ടികൾ അധ്യാപകർ | |
| | പ്രദർശനം | മാർച്ച് | കുട്ടികൾ അധ്യാപകർ PTA | |

പ്രശ്നം: പദസമ്പത്തിന്റെ കുറവ്
ലക്ഷ്യം : എല്ലാ കുട്ടികളിലും പദസമ്പത്ത് വർദ്ധിപ്പിക്കൽ

| പ്രവർത്തനം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പദമാല قلادة المفردات | പദങ്ങൾ ഉപയോഗിച്ചുള്ള വിവിധ കളികൾ (ക്ലാസ് തലം) | ഓരോ മാസവും അവസാന ആഴ്ച്ച | ക്ലബ്ബ് അംഗങ്ങൾ/ കുട്ടികൾ | |

അക്കാദമിക് മാസ്റ്റർ പ്ലാൻ - ഉറുദു 2024-25

വി എംസി ജിഎച്ച്എസ് വണ്ടൂർ

സ്വതന്ത്ര വായനയ്ക്ക് പ്രയാസം നേരിടുന്നു :

ലക്ഷ്യം : എല്ലാ കുട്ടികളിലും വായനാശേഷി വളർത്തിയെടുക്കൽ.

| പ്രവർത്തനം | ഉപപ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായിക്കാം.... വളരാം<br>[illegible] | അക്ഷരമാല പഠനം.<br>വിശകലനം. | ജൂൺ | Urdu Teacher | |
| | വായന സാമഗ്രികൾ ശേഖരിക്കൽ.<br>[വായന കാർഡുകൾ, പുസ്തകങ്ങൾ.]<br>ഉറക്കെ വായന. | ജൂലൈ | PTA<br>Urdu Teacher | 500 |
| | വായന മത്സരം സംഘടിപ്പിക്കൽ | ജൂലൈ - മാർച്ച് | PTA<br>Urdu Teacher | 1500 |

പ്രശ്നം: സ്വതന്ത്ര ആശയവിനിമയത്തിന് പ്രയാസം നേരിടുന്നു.

ലക്ഷ്യം: കുട്ടികളിൽ ആശയവിനിമയ ശേഷി വർദ്ധിപ്പിക്കൽ.

| പ്രവർത്തനം | ഉപപ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **Spoken Urdu**<br>[illegible] | [illegible] ശേഖരിക്കൽ | ആഗസ്റ്റ് | Urdu Teacher | 1000 |
| | കേൾക്കാം പറയാം | ജൂൺ - മാർച്ച് | Urdu Teacher | |
| | കാർട്ടൂൺ പ്രദർശനം | ജൂലൈ - മാർച്ച് | PTA<br>Urdu Teacher | 500 |

പ്രശ്നം: പഠനനിലവാരത്തിന്റെ കുറവ്.

ലക്ഷ്യം: പഠനനിലവാരം വർദ്ധിപ്പിക്കൽ, അക്ഷരങ്ങളുടെ സാദൃശ്യ വ്യത്യാസങ്ങൾ തിരിച്ചറിയൽ.

| പ്രവർത്തനം | ഉപപ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മത്സരം<br>ഒരു പദം<br>[illegible]<br>[illegible]<br>[illegible] | പദപ്പയറ്റ്<br>പദമാല<br>സ്പെല്ലിംഗ് ടെസ്റ്റ്<br>പദ നിർമ്മാണ മത്സരം<br>ക്ലബ്ബ് രൂപീകരണം.<br>ദിനാചരണങ്ങൾ. | ജൂലൈ<br>Monthly<br>Weekly<br>Monthly<br>ജൂൺ-15<br>Urdu Teacher | Urdu Teacher<br>Urdu<br>Urdu Teacher<br>Urdu | 500 |

NOUSHAD PARA
VMC GHSS WANDOOR
HST URDU PART TIME

# വാർഷിക കലണ്ടർ- സംസ്കൃതം

| Sl No | ദിനങ്ങൾ | ദിനാചരണങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|---|
| 1 | ജൂൺ 5 | ലോക പരിസ്ഥിതി ദിനം | പരിസ്ഥിതി ദിന പോസ്റ്റർ തയ്യാറാക്കി, പരിസ്ഥിതിദിനത്തിന്റെ പ്രാധാന്യം കുട്ടികൾക്ക് പറഞ്ഞുകൊടുത്തു. വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. |
| 2 | ജൂൺ 19 | വായനാ ദിനം | പോസ്റ്റർ നിർമ്മാണം, വായനാ മത്സരം സംഘടിപ്പിക്കുക |
| 3 | ജൂൺ 21 | അന്തർദ്ദേശീയ യോഗാദിനം | യോഗ പരിശീലനം സംഘടിപ്പിക്കുക. യോഗയുടെ പ്രാധാന്യത്തെ ക്കുറിച്ച് ക്ലാസ്സെടുക്കുക. |
| 4 | ജൂൺ 26 | ലോക ലഹരിവിരുദ്ധ ദിനം | പോസ്റ്റർ നിർമ്മാണം |
| 5 | ആഗസ്റ്റ് 20 | ശ്രീനാരായണ ഗുരു ജയന്തി (ദേശീയ സദ്ഭാവനാ ദിനം) | ശ്രീനാരായണ ഗുരുദേവന്റെ സന്ദേശങ്ങളുടെ പോസ്റ്റർ നിർമ്മാണം. |
| 6 | ആഗസ്റ്റ് (ശ്രാവണ പൂർണിമാ ദിനം) | സംസ്കൃത ദിനം | സംസ്കൃത ദിനം വിപുലമായി ആഘോഷിക്കുക. മത്സരങ്ങൾ സംഘടിപ്പിക്കുക. |
| 7 | സെപ്റ്റംബർ 21 | ശ്രീനാരായണ ഗുരു സമാധിദിനം (ലോക സമാധാന ദിനം) | പോസ്റ്റർ നിർമ്മാണം |
| 8 | ഫെബ്രുവരി 26 | ശിവരാത്രി | ശിവരാത്രിയുടെ ഐതിഹ്യത്തെ കുറിച്ച് കുട്ടികൾക്ക് പറഞ്ഞു കൊടുക്കുക. |
| 9 | മാർച്ച് 21 | ലോക വനവത്കരണ ദിനം | പോസ്റ്റർ നിർമ്മാണം |
| 10 | മാർച്ച് 22 | ലോക ജലദിനം | പോസ്റ്റർ നിർമ്മാണം. ജലത്തിന്റെ പ്രാധാന്യത്തെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ UP, HS 2025- 26

മേഖല- അക്കാദമികം [illegible] VMC GHSS WANDOOR

| ലക്ഷ്യം | | കാലയളവ് | പഠനോപകരണങ്ങൾ. | സാമ്പത്തികം | കൂട്ടായ്മ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|
| * എല്ലാ കുട്ടികളെയും ഭാഷാപഠന തൽപരരാക്കുന്നു.<br>* അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | കുട്ടികളുടെ പഠന മികവുകളും പരിമിതികളും മനസ്സിലാക്കി അവരുടെ സാധ്യതകൾക്കനുസരിച്ചുള്ള പഠന പ്രവർത്തനങ്ങളും പഠന രീതികളും സ്വീകരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തകങ്ങൾ, ചിത്രങ്ങൾ, വീഡിയോ. | അധ്യാപിക | അദ്ധ്യാപിക [illegible]<br>സഹപാഠികളുടെ പിന്തുണ<br>പഠനപ്രവർത്തനങ്ങളിൽ സഹായിക്കൽ<br>ഗ്രൂപ്പ് തല പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തൽ |
| വായനാവാരത്തോട് ബന്ധപ്പെടുത്തിയുള്ള ക്ലാസ് തല പ്രവർത്തനം | രചന ശില്പശാല<br>അധ്യാപകൻ ഒരു പുസ്തകം പരിചയപ്പെടുത്തി അവലോകനം പറയുന്നു. | | | | |
| സാഹിത്യാഭിരുചി വളർത്താൻ ഉള്ള പ്രവർത്തനങ്ങൾ | കുട്ടികൾ പുസ്തകാവലോകനം തയ്യാറാക്കുന്നു. | | | | |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം നൽകൽ. | പ്രശ്നോത്തരി<br>മാഗസിൻ, കഥ, കവിത ഉപന്യാസം എന്നിവക്കുള്ള പരിശീലനം, സൃഷ്ടി. | | | | |
| സംസ്കൃത ദിനാചരണം<br>സ്കൂൾതല മത്സരങ്ങൾ | ഔപചാരിക ക്ലബ്ബ് രൂപീകരണം<br>സംസ്കൃത സന്ദേശം, ഒരു പ്രമുഖ വ്യക്തിയുടെ | | | | |

| | | | | | |
|---|---|---|---|---|---|
| നടത്തി സബ്ജില്ലാ ജില്ലാതലത്തിൽ പങ്കെടുപ്പിക്കൽ, സ്വാതന്ത്ര്യദിനം | ക്ലാസ്, സംസ്കൃതം പ്രാർത്ഥന.വന്ദേമാതരാ ലാപനം. | | | | |
| ഭാഷാപഠന കലാപരിചയം | കലോത്സവത്തിനായി സംസ്ഥാന അധ്യാപകർ കുട്ടികളെ കണ്ടെത്തി കലാരൂപങ്ങൾ പരിചയപ്പെടുത്തി പരിശീലനം നൽകുന്നു. ഭാഷാ പ്രാധാന്യം കണക്കിലെടുത്ത് കഥ,സമസ്യ, സിദ്ധരൂപം എന്നിങ്ങനെ പ്രത്യേകം സജ്ജരാക്കുന്നു. | | ചിത്രങ്ങൾ, വീഡിയോ. | | സബ്ജില്ലാ ജില്ല മത്സരാർത്ഥി കൾക്ക് സംസ്കൃത അധ്യാപക ക്ലബ്ബ് സമ്മാന ദാനം നൽകുന്നു. |
| സംഭാഷണ ശിബിരം | പരീക്ഷാസംബന്ധമായി കുട്ടികളുടെ ഭാഷാപ്രയോഗ സാമർത്ഥ്യം മെച്ചപ്പെടുത്തുന്നതിന്. എല്ലാ കുട്ടികളും താല്പര്യത്തോടെ പങ്കെടുക്കും. | | | | |
| പഠനയാത്ര | പാഠഭാഗവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു സ്ഥലസന്ദർശനം. | | | | |
| മത്സര പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം. | രാമായണ പ്രശ്നോത്തരി,സംസ്കൃത പ്രശ്നോത്തരി, യുഎസ്എസ്, സംസ്കൃത സ്കോളർഷിപ്പ് പരീക്ഷ പരിശീലനം. പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് പ്രീ മോഡൽ, മോഡൽ, എസ്എസ്എൽസി പരീക്ഷ പരിശീലനം | | | | |

3

# ACADEMIC MASTER PLAN UP & HS- SANSKRIT

| Sl No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | പഠനോപകരണങ്ങൾ |
|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശിൽപശാലകൾ<br>• സംസ്കൃത ദിനാചരണം/അസംബ്ലി<br>• സംഭാഷണ ശിബിരം<br>• വായനാമത്സരം, പദരചന, ചോദ്യോത്തര നിർമ്മാണം, നിഘണ്ടു നിർമ്മാണം, ദിനാചരണങ്ങൾ, കഥ-ഉപന്യാസ രചന<br>• വിവിധ സാഹിത്യ ശാഖകളെ പരിചയപ്പെടുത്തൽ, കഥ,കവിത, സുഭാഷിതങ്ങൾ, ജീവചരിത്ര കുറിപ്പുകൾ എന്നിവ രചിച്ച് തയ്യാറാക്കൽ<br>• വിവിധ കലാരൂപങ്ങളുടെ മാതൃക | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ |
| 2 | അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | | | |
| 3 | കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക. | | | |
| 4 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുവാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക | | | |
| 5 | എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുമെന്ന് ഉറപ്പുവരുത്തുക | | | |
| 6 | സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ | | | |
| 7 | ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ | | | |
| 8 | ഭാഷാ ലാബ് | | | |

VMC GHSS WANDOOR

7

# VMCGHSS

## ENGLISH DEPARTMENT

## Academic Master plan 2025-26

### INTRODUCTION

This master plan of the English department for the AY 2024-25 is designed to plan a list of the programmes, its conduct and distribution of its responsibilities among the faculty of the department.

### AIMS

1) To enable the equal participation of all the students in the years' activities using the available resources for the AY 2025-26
2) To consider each student as a unit and ensuring the overall development of the students

### PROBLEMS

1) We anticipate the lack of interest on the part of the student in the English language activities as English (L2) is not their first language (L1)
2) Lack of resources and funds for the smooth conduct of the activities
3) Lack of an English language lab

### CAUSES FOR THE PROBLEMS

1) Economic and financial background that prevent the students from participation in the activities
2) Lack of adequate funds
3) Lack of interest on the part of the students

### SHORT AND LONG TERM AIMS

The short-term aim is to create an interest among the students to take part in all the English language activities through interesting programmes and competitions, with the available resources. Conduct monthly Subject council meeting to assess and evaluate the programmes/ activities of each month

The long term aim is to set up an English Language lab exclusive for the English skill development activities

### PLANS FOR IMPLEMENTING

1) Charting out programmes for the AY 2025-26
2) Distributing responsibilities among the staff members for conducting the activities and programmes
3) Celebrating important days using activities in English
4) Selecting students for the English club and organize activities through the club

### 7) SCHEME OF WORK AND MONTHS

JUNE 5th- ENVIRONMENT DAY

JUNE 19 – VAYANA DINAM (READING DAY)

AUGUST 12th – YOUTH DAY

September 27- WORLD TOURISM DAY

Oct 15th – WORLD STUDENT DAY

November 11th – National Education Day

June to March – Two Subject council meeting per month

June – March – Vijaya sparsham for slow learners

## CONCLUSION

Implementation of the programmes with the available resources to enhance the overall development of the students is the main aim of the English department. Maximum participation with maximum benefits is also aimed at.

ACADEMIC MASTER PLAN

FORMAT FOR SCHOOL LEVEL ACTIVITIES

CLASS: High school

| Sl.no. | AREA | ACTIVITIES | Month | RESPONSIBILITIES | FINANCE | REMARKS |
|---|---|---|---|---|---|---|
| 1. | English club activities | English assembly on Friday. Thought for the day, Speech, cartoon, poster, competitions, spell -bee, reading competitions | July- Dec | English teachers | Collect from the English teachers | |
| 2. | English activities to celebrate Special days | ENVIRONMENT DAY – poster presentation | JUNE 5 | English teachers | -do- | Each English teacher to make students make and present a poster in class |
| | News Reading | VAYANA VARAM | JUNE 19 | English teachers | | Students read from newspaper cuttings. Prizes given to the winners |
| 3. | English Club | English Club formation | July 1st week | Ms Lakshmi (Club convener) English teachers | | Selecting students for the English Club |
| | FILM REVIEW ENGLISH | FILM REVIEW activities based on | July 22 | English teachers | -do- | For club members. Film screening a movie and a |

| | | | | | | |
|---|---|---|---|---|---|---|
| | CINEMA | a cinema | | | | make students write a review based on the movie |
| 4. | English activities to celebrate Special days<br><br>YOUTH DAY<br>PUBLIC SPEAKING | Youth day celebration competition- Speech 'Youth of the Present Generation' | AUGUST $12^{th}$ | English teachers | -do- | Conduct a Speech competition on the topic 'Youth of this Generation' |
| 5. | Focus on learning english spelling/ SCHOOL ENGLISH VOICE | SPELL BEE COMPETITION | Aug 24 | English teachers | -do- | Conduct a spelling competition |
| 6. | English activities to celebrate Special days<br><br>World Tourism Day<br>E- Quiz | Quiz Game based on tourism | September 26 | English teachers | - do - | E- quiz |
| 7. | English activities to celebrate Special days<br><br>WORLD STUDENT DAY<br><br>BOOK REVIEW | WORLD STUDENT DAY | Oct 15 | English teachers | - do - | Students read story and answer the questions base on it. |
| 8 | English activities to celebrate Special days<br><br>National Education Day<br><br>INTERACTION WITH A NATIVE SPEAKER | National Education day<br><br>- Students interact with a native speaker on the scope of studying and working in the area of English Language and literature | Nov 11 | English teachers | -do- | For Club members |
| 9. | English club – speaking skills and critical evaluation based activity<br><br>SPOKEN ENGLISH CLASS | | Dec | English teachers | - | If facilities and time permit. Students discuss their te book grammar questions and critically evaluate them |
| 10. | English department | Subject council meeting 2 per month | June – March - | English teachers | Nil | Two subject council meetin per month |

# അക്കാദമിക മാസ്റ്റർ പ്ലാൻ

ഹൈസ്കൂൾ വിഭാഗം

ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ പ്രാഥമികമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക .
* ഓരോ യൂണിറ്റിലും പഠിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
* ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവുമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | * അക്ഷരം എഴുത്ത്<br>* ചിഹ്നം ഉറപ്പിക്കൽ<br>* അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>* വാക്കുകൾ നിർമ്മാണം<br>* വാക്യങ്ങളുടെ നിർമ്മാണം | ജൂൺ ജൂലൈ | ഹിന്ദി ടീച്ചേഴ്സ് | ഹിന്ദി ടീച്ചേഴ്സ് |
| 2 | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ ഹിന്ദിയിൽ പഠിക്കുക.) | * വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക. | ആഗസ്റ്റ് | ഹിന്ദി ടീച്ചേഴ്സ് | NIL |

| | | | | | |
|---|---|---|---|---|---|
| | | *ICT സഹായത്തോടെ വസ്തുക്കളും സ്ഥലങ്ങളും പരിശീലിക്കാനുള്ള അവസരം<br>*CWSN കുട്ടികളുടെ പങ്കാളിത്തം | ആഗസ്റ്റ് | ഹിന്ദി ടീച്ചർ | |
| 3 | ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം (സുരീലി ഹിന്ദി) | * ഹിന്ദി അസംബ്ലി<br>* ദിനാചരണങ്ങൾ ( പ്രത്യേകിച്ച് സെപ്തംബർ 14)* അധിക വായന സാമഗ്രികൾ<br>* ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>* ചിത്രം _ അടിക്കുറിപ്പ്<br>* ചിത്രം - കഥ പറയൽ<br>* കഥ ബാക്കി എഴുതൽ<br>* ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | സെപ്തംബർ ഒക്ടോബർ | ഹിന്ദി ടീച്ചർ | ഹിന്ദി ടീച്ചർ പി.ടി.എ |
| 4 | എല്ലാ കുട്ടികൾക്കും ഹിന്ദി എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക. | ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറു പുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക.<br>* ഹിന്ദി സാഹിത്യ സമാജം നടത്തുക. | ജനവരി ഫെബ്രുവരി | ഹിന്ദി ടീച്ചർ | ഹിന്ദി ടീച്ചർ സ്പോൺസർഷിപ്പ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവീകരണം |
|---|---|---|---|---|
| പ്രവർത്തനം 1<br>ചരിത്ര ബോധനം വളർത്തൽ | സ്കൂൾ തലത്തിൽ സാമൂഹ്യ ശാസ്ത്രമ്യൂസിയം | ആവശ്യത്തിന് | എസ് എസ് ക്ലബ് | പി ടി എ |
| പ്രവർത്തനം 2<br>ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | മോക് പാർലിമെന്റ് നടത്തുന്നു | വർഷത്തിൽ ഒന്നോ രണ്ടോ തവണ | എസ് ആർ ജി<br>സോഷ്യൽ സയൻസ് ക്ലബ് | |
| പ്രവർത്തനം 3<br>സാമൂഹ്യശാസ്ത്ര വിഷയത്തിൽ താല്പര്യം വളർത്തൽ | എസ് എസ് ലാബ് | വർഷത്തിൽ ഒന്ന് | സോഷ്യൽ സയൻസ് ക്ലബ് | വിദ്യാർത്ഥികളുടെ സംഭാവന |
| പ്രവർത്തനം 4<br>സാമൂഹ്യശാസ്ത്രത്തിൽ അധികവായനയെ പ്രോത്സാഹിപ്പിക്കൽ. | ലൈബ്രറി രൂപീകരണം | വർഷത്തിൽ ഒന്ന് | സോഷ്യൽ സയൻസ് ക്ലബ് | സ്പോൺസർഷിപ് |
| പ്രവർത്തനം 5<br>പഠനയാത്രകളിലൂടെ നേരിട്ടുള്ള അനുഭവം ലഭ്യമാക്കുന്നു. | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | സോഷ്യൽ സയൻസ് ക്ലബ് | വിദ്യാർത്ഥികളുടെ സംഭാവന |

Edit with WPS Office

## ആമുഖം

ഹൈസ്കൂൾ ഭൗതികശാസ്ത്ര പാഠ്യപദ്ധതിയുടെ ലക്ഷ്യങ്ങൾ രൂപപ്പെടുത്തുക എന്നതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ ഉദ്ദേശം. ഭൗതികശാസ്ത്ര വിഷയത്തിൽ മികവ് നേടുന്നതിന് വിദ്യാർത്ഥികൾ മനസിലാക്കേണ്ട പ്രധാന ആശയങ്ങളും കഴിവുകളും പ്ലാൻ തിരിച്ചറിയും.

ഭൗതികശാസ്ത്ര പാഠ്യപദ്ധതിയുടെ സമഗ്രമായ പഠന ലക്ഷ്യങ്ങൾ തിരിച്ചറിയുക, ഭൗതികശാസ്ത്രത്തിന്റെ അടിസ്ഥാന തത്വങ്ങൾ മനസ്സിലാക്കുക, പ്രശ്നപരിഹാര കഴിവുകൾ വികസിപ്പിക്കുക, ശാസ്ത്രീയ അന്വേഷണം പ്രയോഗിക്കുക എന്നിവയെല്ലാം ഇതിൽപ്പെടുന്നു.

സ്കൂളിന്റെ അവസ്ഥയ്ക്കനുസരിച്ച്,ലഭിക്കുന്ന സൗകര്യങ്ങൾക്കനുസരിച്ച് ഇതിൽ കൂട്ടിച്ചേർക്കലുകൾ ഉണ്ടാകുന്നതാണ്.

## കാഴ്ചപ്പാടുകൾ

ഹൈസ്കൂൾ ഭൗതികശാസ്ത്ര പാഠ്യപദ്ധതി ഇനിപറയുന്ന കാഴ്ചപ്പാടുകളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം:

- 8,9,10 ക്ലാസുകളിൽ ഭൗതികശാസ്ത്രം. പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന പഠനനേട്ടങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക.
- ഫിസിക്സ് എന്നത് വിദ്യാർത്ഥികളെ എങ്ങനെ വിമർശനാത്മകമായും ക്രിയാത്മകമായും ചിന്തിക്കണമെന്ന് പഠിപ്പിക്കുന്ന ഒരു പ്രശ്നപരിഹാര വിഷയമാണ്.
- ഫിസിക്സ് എന്നത് ഒരു ക്വാണ്ടിറ്റേറ്റീവ് സയൻസാണ്, പ്രശ്നങ്ങൾ പരിഹരിക്കാൻ വിദ്യാർത്ഥികൾക്ക് ഗണിതശാസ്ത്രം ഉപയോഗിക്കേണ്ടതുണ്ട്.
- പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരുമിച്ച് പ്രവർത്തിക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്ന ഒരു സഹകരണ ശാസ്ത്രമാണ് ഫിസിക്സ്.
- ഓരോ ഗ്രേഡ് ലെവലിലോ കോഴ്സിലോ ഉൾപ്പെടുത്തേണ്ട ഉള്ളടക്കം നിർണ്ണയിക്കുക, ആശയങ്ങളുടെയും കഴിവുകളുടെയും പുരോഗതി ഉറപ്പാക്കുക.

| പൊതുവായ ലക്ഷ്യങ്ങൾ/ദർശനങ്ങൾ | അക്കാദമിക് പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ● ഭൗതികശാസ്ത്രത്തിന്റെ അടിസ്ഥാന ആശയങ്ങളിൽ വിദ്യാർത്ഥികൾക്ക് ഉറച്ച അടിത്തറ നൽകുക. | പ്രഭാഷണങ്ങൾ | അക്കാദമിക് വർഷം | സയൻസ് അധ്യാപകർ | സ്കൂൾ |

| | | | | |
|---|---|---|---|---|
| • പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഭൗതികശാസ്ത്രം എങ്ങനെ പ്രയോഗിക്കണമെന്ന് വിദ്യാർത്ഥികളെ പഠിപ്പിക്കുക. | ചർച്ചകൾ | അക്കാദമിക് വർഷം | സയൻസ് അധ്യാപകർ | സ്കൂൾ |
| • വിമർശനാത്മക ചിന്താശേഷിയും വികസിപ്പിക്കുക. | | അക്കാദമിക് വർഷം | സയൻസ് അധ്യാപകർ | സ്കൂൾ |
| • <u>പ്രബോധന തന്ത്രങ്ങളും വിഭവങ്ങളും:</u> പഠന ലക്ഷ്യങ്ങളുമായി പൊരുത്തപ്പെടുകയും വിദ്യാർത്ഥികളെ ഫലപ്രദമായി ഇടപഴകുകയും ചെയ്യുന്ന ഉചിതമായ അധ്യാപന രീതികളും ഉറവിടങ്ങളും തിരഞ്ഞെടുക്കുക. | ഫീൽഡ് യാത്രകൾ | അക്കാദമിക് വർഷം | സയൻസ് അധ്യാപകർ | |
| • അനുയോജ്യമായ പാഠപുസ്തകങ്ങൾ, ഓൺലൈൻ ഉറവിടങ്ങൾ, മൾട്ടിമീഡിയ സാമഗ്രികൾ, ലബോറട്ടറി ഉപകരണങ്ങൾ എന്നിവ തിരിച്ചറിയുക. | | അക്കാദമിക് വർഷം | സയൻസ് അധ്യാപകർ | സ്കൂൾ |
| • <u>വിലയിരുത്തലും മൂല്യനിർണ്ണയവും:</u> - വിദ്യാർത്ഥികളുടെ ധാരണയും പുരോഗതിയും അളക്കുന്നതിനുള്ള മൂല്യനിർണ്ണയ തന്ത്രങ്ങളും ഉപകരണങ്ങളും നിർണ്ണയിക്കുക. | ക്വിസുകൾ, ക്ലാസ് വർക്ക്, ഗ്രൂപ്പ് പ്രവർത്തനങ്ങൾ | അക്കാദമിക് വർഷം | സയൻസ് അധ്യാപകർ | സ്കൂൾ |
| • നിലവിലുള്ള ഫീഡ്ബാക്ക് നൽകുന്നതിനും പഠന ഫലങ്ങൾ വിലയിരുത്തുന്നതിനും രൂപീകരണ മൂല്യനിർണ്ണയങ്ങളും സംഗ്രഹ മൂല്യനിർണ്ണയങ്ങൾ | പ്രഗൽഭരുടെ ക്ലാസുകൾ കേൾക്കാനുള്ള അവസരം സൃഷ്ടിക്കുക | അക്കാദമിക് വർഷം | SITC & സയൻസ് അധ്യാപകർ | സ്കൂൾ |

| | | | | |
|---|---|---|---|---|
| • <u>സാങ്കേതികവിദ്യയുടെ ഏകീകരണം:</u> അധ്യാപനവും പഠനവും മെച്ചപ്പെടുത്തുന്നതിന് സാങ്കേതിക ഉപകരണങ്ങളും വിഭവങ്ങളും സമന്വയിപ്പിക്കുന്നതിനുള്ള വഴികൾ പര്യവേക്ഷണം ചെയ്യുക. | പൊതു ചർച്ചകൾ മെന്ററിംഗ് | അക്കാദമിക് വർഷം | സയൻസ് അധ്യാപകർ | സ്കൂൾ |
| • അധിക പരിശീലന സാമഗ്രികൾ, ട്യൂട്ടറിംഗ് അല്ലെങ്കിൽ വ്യക്തിഗത നിർദ്ദേശങ്ങൾ എന്നിവ ഉൾപ്പെടെ, ബുദ്ധിമുട്ടുന്ന വിദ്യാർത്ഥികൾക്ക് അധിക പിന്തുണ നൽകുക. | ഗ്രൂപ്പ് പ്രവർത്തനങ്ങൾ | അക്കാദമിക് വർഷം | സയൻസ് അധ്യാപകർ | സ്കൂൾ |
| • സ്വതന്ത്ര ഗവേഷണ പ്രോജക്റ്റുകൾ അല്ലെങ്കിൽ സയൻസ് മത്സരങ്ങളിലെ പങ്കാളിത്തം പോലുള്ള വിപുലമായ വിദ്യാർത്ഥികൾക്കുള്ള സമ്പുഷ്ടീകരണ അവസരങ്ങൾ പരിഗണിക്കുക. | പ്രോജക്ടുകൾ | അക്കാദമിക് വർഷം | സയൻസ് അധ്യാപകർ | സ്കൂൾ |

## പ്രവർത്തന പദ്ധതിയുടെ വിവരണം

ഹൈസ്കൂൾ ഭൗതികശാസ്ത്ര പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതിയിൽ ഇനിപ്പറയുന്ന ഘട്ടങ്ങൾ ഉൾപ്പെടുന്നു:

1. ഓരോ യൂണിറ്റിനും ഒരു കൂട്ടം പഠന ലക്ഷ്യങ്ങൾ സൃഷ്ടിക്കുക.
2. ഉചിതമായ പാഠപുസ്തകങ്ങളും ഉറവിടങ്ങളും തിരഞ്ഞെടുക്കുക.
3. വിദ്യാർത്ഥികളുടെ പഠനനിലവാരം അളക്കുന്നതിനുള്ള ഒരു കൂട്ടം വിലയിരുത്തലുകൾ വികസിപ്പിക്കുക.
4. അധ്യാപകർക്ക് പ്രൊഫഷണൽ വികസനം നൽകുക.

## സംഗ്രഹം

ഹൈസ്കൂൾ ഫിസിക്സ് പാഠ്യപദ്ധതി ആകർഷകമായ ഒരു പ്രോഗ്രാം ആയിരിക്കണം. ഈ ഡോക്യുമെന്റിൽ വിവരിച്ചിരിക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ എല്ലാ വിദ്യാർത്ഥികളുടെയും ആവശ്യങ്ങൾ നിറവേറ്റുന്ന ഉയർന്ന നിലവാരമുള്ള ഭൗതികശാസ്ത്ര പാഠ്യപദ്ധതി വികസിപ്പിക്കുന്നതിനുള്ള ഒരു ചട്ടക്കൂട് നൽകുന്നു.

## അധിക പരിഗണനകൾ

അക്കാദമിക് മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രധാന ആശയങ്ങൾക്കും കഴിവുകൾക്കും പുറമേ, ഒരു ഹൈസ്കൂൾ ഭൗതികശാസ്ത്ര പാഠ്യപദ്ധതി വികസിപ്പിക്കുമ്പോൾ കണക്കിലെടുക്കേണ്ട മറ്റ് നിരവധി പരിഗണനകളുണ്ട്.

ഇതിൽ ഉൾപ്പെടുന്നവ:

- ഭൗതികശാസ്ത്രത്തിൽ വിദ്യാർത്ഥികൾക്കുള്ള മുൻ അറിവിന്റെ നിലവാരം.
- പാഠപുസ്തകങ്ങൾ, ലബോറട്ടറി ഉപകരണങ്ങൾ, ഫീൽഡ് ട്രിപ്പുകൾ തുടങ്ങിയ വിഭവങ്ങളുടെ ലഭ്യത.
- വിദ്യാർത്ഥികളുടെ താൽപ്പര്യങ്ങളും ആവശ്യങ്ങളും.
- ഭൗതികശാസ്ത്ര വിദ്യാഭ്യാസത്തിനായുള്ള സംസ്ഥാന അല്ലെങ്കിൽ ദേശീയ നിലവാരം.
- ഈ ഘടകങ്ങൾ കണക്കിലെടുക്കുന്നതിലൂടെ, അധ്യാപകർക്ക് ഫലപ്രദവും ആകർഷകവുമായ ഒരു ഹൈസ്കൂൾ ഭൗതികശാസ്ത്ര പാഠ്യപദ്ധതി വികസിപ്പിക്കാൻ കഴിയും.

# അക്കാദമിക മാസ്റ്റർ പ്ലാൻ

ഹൈസ്കൂൾ വിഭാഗം
ലിറ്റിൽ കൈറ്റ്സ്

## പൊതുവായ ലക്ഷ്യങ്ങൾ

* ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷയിലൂടെ സെലക്ട് ചെയ്യുന്ന എല്ലാ കുട്ടികളിലും വിവര സാങ്കേതിക വിദ്യയിലുള്ള കഴിവ് വളർത്തിയെടുക്കുക .
